# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 766 — 03.12.2014 ൽ മറുപടിക്ക്

## അപരിഷ്കൃത ചികിത്സകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) അംഗീകരിച്ച ചികിത്സാ രീതികളല്ലാതെ മന്ത്രവാദത്തിലൂടെയും മറ്റും ചികിത്സ നടത്തുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ മന്ത്രവാദത്തിലൂടെയും അംഗീകൃത ചികിത്സാരീതികളല്ലാത്ത അപരിഷ്കൃത ചികിത്സകൾ മുഖേനയും രോഗികൾ മരണപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇത്തരം തട്ടിപ്പുകൾക്കെതിരെ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) ഓരോ ചികിത്സാമുറയെക്കുറിച്ചും ആരോഗ്യ ബോധവൽക്കരണം ആരോഗ്യവകുപ്പിലൂടെ നല്കി വരുന്നുണ്ട്. ഫീൽഡ് വർക്കർമാർ, ആശാപ്രവർത്തകർ, IEC/BCC വിഭാഗം മാധ്യമങ്ങൾ തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ ആരോഗ്യ ബോധവൽക്കരണം നല്കി വരുന്നുണ്ട്. തട്ടിപ്പുകൾക്കെതിരെ ആരോഗ്യ വകുപ്പിൽ നടപടി സ്വീകരിച്ചിട്ടില്ല. |
| (ഡി) പത്രമാധ്യമങ്ങളിലൂടെയും മറ്റും വ്യാപകമായി പരസ്യ പ്രചരണം നടത്തിവരുന്ന ഇത്തരക്കാരുടെ ആധികാരികത പരിശോധിക്കുന്നതിന് ശ്രമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | (ഡി), (ഇ) വിവരം ശേഖരിച്ച് നല്കുന്നതാണ്. |
| (ഇ) ഇത്തരം തട്ടിപ്പുകൾ അവസാനിപ്പിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നകാര്യം പരിഗണിക്കുമോ; | |

സെക്ഷൻ ഓഫീസർ